മഞ്ചേരിയിൽ പള്ളി വക കെട്ടിടങ്ങൾ പൊളിച്ചതിനു പിന്നിൽ ഗൂഢാലോചന

മലപ്പുറം: സംസ്ഥാനത്തുടനീ ളം ക്ഷേത്രങ്ങളും പാർട്ടിയോഫിസുകളും റവന്യൂ നടപടികളിൽ നിന്നൊഴിവാക്കി നിലനിർത്തിയപ്പോൾ മഞ്ചേരിയിലെ പള്ളി വക കെട്ടിടങ്ങൾ മാത്രം പൊളിച്ചതിനു പിന്നിൽ വൻ ഗൂഢാലോചന. മഞ്ചേരി സെൻട്രൽ ജുമാമസ്ജിദിന്റെ മിനാരങ്ങളും പാണ്ടിക്കാട് റോഡ് ബൈപാസ് ജങ്ഷനിലെ നമസ്കാരപ്പള്ളിയുമാ ണു റവന്യൂ അധികൃതരുടെ പക്ഷപാതപരവും ആസൂത്രിതവുമായ നടപടിയുടെ ഫലമായി പൊളിക്കേണ്ടിവന്നത്. ആരാധനാലയങ്ങൾ, സ്തൂപങ്ങൾ, രക്തസാക്ഷി മണ്ഡപങ്ങൾ, പാർട്ടിയോഫിസുകൾ എന്നിവ പൊളിക്കില്ലെന്ന മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും ഉറപ്പുകൾ കാറ്റിൽ പറത്തിയായിരുന്നു ഈ നടപടി. റവന്യൂ ഭൂമിയിലാണെങ്കിൽ സ്വയം പൊളിച്ചുമാറ്റാമെന്ന പള്ളിഭാരവാഹികളുടെ ഉറപ്പുപോലും മുഖവിലയ്ക്കെടുക്കാതെയാണു മഞ്ചേരിയിലെ റവന്യൂ ദൗത്യസംഘം പള്ളിക്കെതിരേ എസ്കവേറ്ററുമായി നീങ്ങിയത്. മലപ്പുറം ജില്ലയിലെ തന്നെ മുസ്ലിംഭൂരിപക്ഷ പ്രദേശമായ മഞ്ചേരിയിലെ പള്ളികൾക്കു നേരെ നടന്ന പൊളിക്കൽശ്രമത്തിനു പിന്നിൽ നിഗൂഢലക്ഷ്യങ്ങളുണ്ടായിരുന്നുവെന്നത് വ്യക്തമാണ്. പലയിടത്തും മതവിശ്വാസികളുടെയും പാർട്ടിപ്രവർത്തകരുടെയും എതിർപ്പിനെ തുടർന്നു റവന്യൂസംഘം പിൻമാറിയപ്പോൾ മഞ്ചേരിയിൽ മാത്രം എതിർപ്പുകളെയും അഭ്യർഥനകളെയും അവഗണിച്ചുകൊണ്ട് പള്ളിയുടെ അനുബന്ധ കെട്ടിടങ്ങൾ തിരക്കിട്ടു പൊളിച്ചടുക്കുകയായിരുന്നു. റവന്യൂ ഭൂമിയിലാണു സെൻട്രൽ പള്ളി മിനാരങ്ങളും പാണ്ടിക്കാട് റോഡിലെ നമസ്കാരപ്പള്ളിയുടെ താഴ്പുരയുമുള്ളതെന്നു സർവേയിൽ കണ്ടെത്തിയതിനെ തുടർന്നു മെയ് 26നാണു പള്ളിഭാരവാഹികൾക്കു നോട്ടീസ് നൽകിയത്. റവന്യൂ ഭൂമിയിലാണെങ്കിൽ മിനാരങ്ങൾ സ്വയം പൊളിച്ചുനീക്കാൻ സന്നദ്ധരാണെന്നും സർവേയിലെ കണ്ടെത്തലിനെ സംബന്ധിച്ചു സംശയം നിലനിൽക്കുന്നതിനാൽ സൂക്ഷ്മ പരിശോധന നടത്തണമെന്നും പള്ളിഭാരവാഹികൾ റവന്യൂ അധികൃതരെയും മലപ്പുറം ജില്ലാ കലക്ടർ സുമന എൻ മേനോനെയും നേരിൽക്കണ്ടു ബോധിപ്പിക്കുകയും ചെയ്തിരുന്നു. 10 ദിവസത്തിനുള്ളിൽ മിനാരങ്ങൾ പൊളിച്ചുനീക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു. ഇത് അംഗീകരിച്ച ശേഷമാണു മുന്നറിയിപ്പില്ലാതെ മെയ് 31നു മിനാരങ്ങൾ പൊളിക്കാൻ ശ്രമമുണ്ടായത്. റവന്യൂ സർവേ തുടങ്ങിയ ഭാഗത്തുനിന്നു പൊളിച്ചുനീക്കൽ ആരംഭിക്കാതെ മഞ്ചേരിയിലെ രണ്ടു ബസ്സ്റ്റാന്റുകൾക്കിടയിലുള്ള പള്ളിവക കെട്ടിടങ്ങൾ ആദ്യം നിലംപരിശാക്കുകയായിരുന്നു. ഇതേ ദിവസം തന്നെ നോട്ടീസ് നൽകിയ ചില കെട്ടിടങ്ങൾ ഉടമസ്ഥർക്കു സ്വയം പൊളിക്കാൻ സാവകാശം നൽകുകയും ചെയ്തു. കെട്ടിട ഉടമകൾക്കും വീട്ടുകാർക്കും മൂന്നുദിവസത്തിനകം കൈയേറ്റം ചെയ്ത ഭാഗങ്ങൾ പൊളിച്ചുനീക്കണമെന്നു കാണിച്ചു മെയ് 26, 30 തിയ്യതികളിലാണു റവന്യൂ അധികൃതർ നോട്ടീസ് നൽകിയിരുന്നത്. പാണ്ടിക്കാട് റോഡിൽ പഴയ ബസ്സ്റ്റാന്റ് മുതൽ പുതിയ ബസ്സ്റ്റാന്റ് വരെയുള്ള ഭാഗങ്ങളിലാണു 25ന് ആദ്യ സർവേ നടത്തിയത്. 26നു നോട്ടീസ് ലഭിച്ചതിനെ തുടർന്നു സ്വയം പൊളിച്ചുനീക്കാൻ സമയമനുവദിക്കണമെന്നു കാണിച്ചു വ്യാപാരികളും വകുപ്പുമന്ത്രിക്കും ജില്ലാ കലക്ടർക്കും നിവേദനം നൽകിയിരുന്നു. പത്തു ദിവസത്തേക്കു നടപടിയുണ്ടാവില്ലെന്ന കലക്ടറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ ഉടമകൾ തന്നെ സ്വയം പൊളിച്ചുനീക്കി. 31ന് ഉച്ചയോടെ മുന്നറിയിപ്പില്ലാതെ എസ്കവേറ്ററുകളുമായി വന്ന റവന്യൂ അധികൃതർ കെട്ടിടങ്ങൾ ഇടിച്ചു നിരത്താൻ തുടങ്ങിയത്. വ്യാപാരികളുടെ പ്രതിഷേധം ശക്തമായതോടെ പൊളിക്കൽ നിർത്തിവച്ചെങ്കിലും പള്ളിയുടെ കാര്യത്തിൽ റവന്യൂസംഘം യാതൊരു ദാക്ഷിണ്യവും കാണിച്ചില്ല. 31നു നടന്ന പൊളിക്കൽശ്രമത്തിനിടെ പള്ളിഭാരവാഹികൾ ഏഴു ദിവസത്തിനുള്ളിൽ പൊളിച്ചുനൽകുമെന്നു രേഖാമൂലം അറിയിച്ചതിനെ തുടർന്നാണു സംഘം താൽക്കാലികമായി പിൻമാറിയത്. 1906ൽ മഞ്ചേരി കോവിലകത്തിന്റെ കൈയിൽനിന്നു തിട്ടൂരം വഴി ലഭിച്ചതാണു പള്ളിയും മിനാരവും നിൽക്കുന്ന ഭൂമി. പള്ളിവളപ്പിലെ തോടിന്റെയും പാണ്ടിക്കാട് റോഡിന്റെയുമിടയിൽ 73 മീറ്റർ നീളത്തിലുള്ള സ്ഥലമായിരുന്നു കോവിലകം പതിച്ചു നൽകിയിരുന്നത്. റവന്യൂ ഭൂമി കൈയേറിയതാണെന്നു കാണിച്ച് അധികൃതർ അടയാളപ്പെടുത്തിയ ഭാഗം കഴിച്ച് അളന്നുനോക്കുകയാണെങ്കിൽ ഇത് 71 മീറ്റർ മാത്രമായി ചുരുങ്ങുന്നുണ്ട്.

രണ്ടു മീറ്ററോളമാണു റവന്യൂസ്ഥലമായി അടയാളപ്പെടുത്തിയിട്ടുള്ളതും. റവന്യൂ കണക്കിൽ പാകപ്പിഴയുണ്ടെന്നാണ് ഇതു സൂചിപ്പിക്കുന്നത്. മഞ്ചേരിയിലെ പള്ളികൾക്കു മാത്രം ബാധകമാവുന്ന നിയമനടപടികൾ കൈക്കൊണ്ടതിൽ കമ്മിറ്റി ഭാരവാഹികൾ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ആരാധനാലയത്തിന്റെ കാര്യത്തിലുള്ള തീരുമാനം തങ്ങളെ അറിയിച്ചിട്ടില്ലെന്ന മുടന്തൻന്യായം നിരത്തിയാണു അധികൃതർ പൊളിച്ചുനീക്കുന്ന ജോലി തുടരുന്നത്.

പൊളിച്ചുമാറ്റുന്നതിലെ വിവേചനം അന്വേഷിക്കണം: ഓൾ ഇന്ത്യാ മില്ലി കൗൺസിൽ

കോഴിക്കോട്: കേരളത്തിൽ പുറമ്പോക്കിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന സർക്കാർ നടപടികളിൽ മുസ്‌ലിം ആരാധനാലയങ്ങളുടെ കാര്യത്തിൽ ഉദ്യോഗസ്ഥർ വിവേചനം കാണിക്കുന്നുണ്ടെന്ന പരാതി അന്വേഷിക്കണമെന്നു മുഖ്യമന്ത്രിയോടും റവന്യൂ മന്ത്രിയോടും ഓൾ ഇന്ത്യാ മില്ലി കൗൺസിൽ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.
മഞ്ചേരിയിലെ മുസ്‌ലിം പള്ളികൾ പൊളിച്ചുനീക്കുന്നതിന് അകാരണമായ ധൃതി കാണിച്ചതു സംശയാസ്പദമാണെന്നു കമ്മിറ്റി അഭിപ്രായപ്പെട്ടു.
ഇക്കാര്യത്തിൽ സംസ്ഥാനത്തു വിവേചനം ഉണ്ടായിട്ടുണ്ടോ എന്നു പഠിക്കുന്നതിനു ഡോ. കെ എം മുഹമ്മദ്, അഡ്വ. അബ്ദുർറഷീദ് ഊത്തക്കാടൻ, അഡ്വ. സാദിഖ് നടുത്തൊടി എന്നിവരടങ്ങുന്ന ഫാക്റ്റ് ഫൈൻഡിങ് ടീമിനെ കമ്മിറ്റി തിരഞ്ഞെടുത്തു. ഡോ. സഈദ് മരക്കാർ അധ്യക്ഷത വഹിച്ചു. ഓൾ ഇന്ത്യാ മില്ലി കൗൺസിൽ സെക്രട്ടറി ഇ അബൂബക്കർ ഉദ്ഘാടനം ചെയ്തു.
സ്വാശ്രയ കോളജിൽ ജനസംഖ്യാനുപാതികമായി പിന്നാക്കവിഭാഗങ്ങൾക്കു സംവരണം ഏർപ്പെടുത്തണമെന്നും സച്ചാർ കമ്മിറ്റി റിപോർട്ടിന്റെ നിർദേശങ്ങൾ നടപ്പാക്കുന്നതിനു നിയമനിർമാണം നടത്തുന്നതിനു കേന്ദ്ര സർക്കാർ തയ്യാറാവണമെന്നും യോഗം ആവശ്യപ്പെട്ടു. ജനറൽ സെക്രട്ടറി അഡ്വ. കെ എം അഷ്‌റഫ് റിപോർട്ട് അവതരിപ്പിച്ചു. അഡ്വ. എ പൂക്കുഞ്ഞ്, അബ്ദുർറഹ്മാൻ ബാഖവി, അഡ്വ. വി എം കെ അഹമ്മദ്, പ്രഫ. കെ എം മുഹമ്മദ്, അഡ്വ. കെ പി മുഹമ്മദ് ശരീഫ്, ബഷീർ ബടേരി സംസാരിച്ചു